# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1490

05.12.2014-ൽ മറുപടിയ്ക്ക്

### പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജി.എസ്. ജയലാൽ | | ശ്രീ.കെ.സി.ജോസഫ് (ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | മുമ്പ് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗമായിരുന്ന നെടുമ്പന ഗ്രാമപഞ്ചായത്ത് മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ അതിനു പകരമായി കൂട്ടിച്ചേർത്ത പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇപ്പോഴും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലാണുള്ളതെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ കൂട്ടിച്ചേർക്കപ്പെട്ട പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ; | ബി) | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി തീരുന്നമുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല. |
| സി) | ഭരണപരമായ സൗകര്യം മുൻനിർത്തി മേൽപ്പറഞ്ഞ നടപടി പൂർത്തീകരിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? | സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ